# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 11 — 26.09.2011-ൽ മറുപടിയ്ക്ക്

## നൂറുദിന കർമ്മ പരിപാടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ദിവാകരൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും, ആസൂത്രണവും, സാംസ്ക്കാരികവും നോർക്കയും ഇൻഫർമേഷൻ &പബ്ളിക് റിലേഷൻസും വകുപ്പു മന്ത്രി) |
| (എ) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ പ്രചാരണത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു; ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചിട്ടുളളത്; | (എ) മൊബൈൽ എക്സിബിഷൻ വാഹനം ഓരോ ജില്ലയിലും പര്യടനം നടത്തുന്നതിനും അതോടൊപ്പം ഫോട്ടോ പ്രദർശനം സംഘടിപ്പിക്കുന്നതിനും ഓരോ ജില്ലയിലും പരിപാടി സംഘടിപ്പിക്കുന്നതിനുമായി 9,15,500 (ഒൻപത് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്)രൂപയും 100 ദിന പരിപാടിയ്ക്ക് പരിസമാപ്തി കുറിച്ചു കൊണ്ടുളള പൊതുപരിപാടിയ്ക്കായി 1,75,000/- (ഒരു ലക്ഷത്തി എഴുപത്തയ്യായിരം) രൂപയും മ്യൂസിയം ബാന്റ് സ്റ്റാന്റിൽ ഫോട്ടോ പ്രദർശനത്തിനായി 35000/- (മുപ്പത്തയ്യായിരം) രൂപയും, ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപയും ചേർത്ത് ആകെ 13,25,500/-(പതിമൂന്ന് ലക്ഷത്തി ഇരുപത്തയ്യായിരത്തി അഞ്ഞൂറ്) രൂപ ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് മുഖേന ചെലവഴിച്ചിട്ടുണ്ട്. അച്ചടി ദൃശ്യമാധ്യമങ്ങൾ വഴി നൽകിയ പരസ്യങ്ങൾക്ക് തുക നൽകിയിട്ടില്ല. |
| (ബി) ഓരോ വകുപ്പും പ്രചാരണത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ? | (ബി) മറ്റു വകുപ്പുകൾ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ